പത്രക്കുറിപ്പ്
2-9-2017

# ഓണാവധിക്ക് കുടുംബശ്രീയുടെ 'നാടറിയാൻ': നാടിനെയറിയാൻ ബാലസഭ കുട്ടികൾ

കുടുംബശ്രീയുടെ ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടിയാണ് ബാലസഭകൾ. അയൽക്കൂട്ട യോഗങ്ങൾക്കായി എത്തുന്ന അമ്മമാർക്കൊപ്പം വരുന്ന കുട്ടികൾ ഒത്തുകൂടുന്ന പതിവിൽ നിന്ന് രൂപംകൊണ്ട ബാലസഭാ സംവിധാനം ഇന്ന് ഏറെ വിപുലമായിക്കഴിഞ്ഞു. കേരളത്തിലാകെ 43000ത്തോളം ബാലസഭകളുണ്ട്, അംഗങ്ങളായി ഏഴ് ലക്ഷത്തിലേറെ കുട്ടികളും. ഈ ഓണാവധിക്കാലത്ത് സ്വന്തം നാടിനെ അറിയാനുള്ള അമൂല്യ അവസരം ബാലസഭ അംഗങ്ങളായ കുട്ടികൾക്ക് ഒരുക്കി നൽകുകയാണ് കുടുംബശ്രീ. ഒരു പ്രദേശത്തെ കാലാവസ്ഥ, കൃഷിരീതി, മണ്ണ്, മനുഷ്യൻ, കല, സാഹിത്യം, സംസ്ക്കാരം തുടങ്ങി പഴമയിലുള്ള കാര്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുകയും അത് രേഖയാക്കി മാറ്റുകയും ചെയ്യുന്ന 'നാടറിയാൻ' എന്ന പരിപാടി ബാലസഭകൾ വഴി കുടുംബശ്രീ നടപ്പിലാക്കും. നിലവിലുള്ള ജൈവവൈവിധ്യവും സമ്പത്തും സംരക്ഷിക്കാനും നിലനിർത്താനും അവ തിരിച്ചറിയേണ്ടത് അനിവാര്യമാണ്. അതിനായി 'നാടറിയാനി'ലൂടെ പ്രാദേശിക ചരിത്ര പഠനം നടത്തും. നവകേരള സൃഷ്ടിക്കായുള്ള ഒരു മുന്നേറ്റമാണ് 'നാടറിയാൻ' ക്യാമ്പെയ്ൻ. ഈ ചരിത്ര പഠനരേഖ സെപ്റ്റംബ ർ 30ന് മുമ്പ് സംസ്ഥാനതലത്തിൽ സമർപ്പിക്കും.

കുറഞ്ഞത് അഞ്ച് വീതം കുട്ടികളെ ഓരോ പഞ്ചായത്തിലെയും വാർഡുകളിലെ ബാലസഭകളിൽ നിന്ന് തെരഞ്ഞെടുക്കുന്നു. പ്രത്യേക പരിശീലനം ലഭിച്ച ബാലസഭ റിസോഴ്സ് പേഴ്സൺമാർ വിവരശേഖരണ പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സ്വന്തം നാടിനെ തിരിച്ചറിഞ്ഞ ഒരു തലമുറ സൃഷ്ടിക്കാനും നാട്ടുനന്മ മനസ്സിലാക്കി അതിലൂന്നിയുള്ള തുടർ പ്രവർത്തനങ്ങൾ നടത്താനും ഈ ചരിത്ര പഠനം പുതു തലമുറയെ സഹായിക്കും.

സ്ഥല നാമപുരാണം (ഓരോ പ്രദേശത്തിനും പേരും പെരുമയും അനുസരിച്ച് സ്മൃതിപഥങ്ങളുണ്ട്, അവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങ ൾ), മൺമറഞ്ഞതും ജീവിച്ചിരിക്കുന്നതുമയ പ്രമുഖ വ്യക്തികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ (പഴയകാല ചരിത്രം അറിയാവുന്ന വ്യക്തികളെ കണ്ടെത്തി അവരിൽ നിന്നും മരണമടഞ്ഞ പ്രമുഖരെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്തുക, ജീവിച്ചിരിക്കുന്നവരുണ്ടെങ്കിൽ അവരുടെ അടുത്ത് പോയി വിവരങ്ങൾ ശേഖരിക്കുക), സ്മാരകങ്ങൾ (സ്മൃതി മണ്ഡപങ്ങൾ, പൈതൃക

മണ്ഡപങ്ങൾ, വഴിയമ്പലങ്ങൾ, അത്താണികൾ, സദനങ്ങൾ– നിരാലംബരായ ആളുകളെ സംരക്ഷിച്ചിരുന്ന സ്ഥലങ്ങൾ, സത്രങ്ങൾ, ബംഗ്ലാവുകൾ, മനകൾ, കാവുകൾ, വഴിയോര തണൽമരങ്ങൾ), കാർഷിക ചരിത്രം (ജന്മി കുടിയാൻ ബന്ധം. പാട്ടം, കുടികിടപ്പ്, വിവിധ കാർഷിക സമരങ്ങൾ, നിലമൊരുക്കൽ, കൃഷിരീതികൾ, വിവിധയിനം കൃഷികൾ, വിത്തിനങ്ങൾ, കൃഷിയിറക്കുന്ന സമയങ്ങൾ, വിവിധ വളപ്രയോഗം, കീടനാശിനി പ്രയോഗം, വിവിധ പണി ആയുധങ്ങൾ, ജലസേചന മാർഗ്ഗങ്ങൾ, കളപറിക്കൽ, കൊയ്ത്തും മെതിയും, പത്തും പതവും, വിത്തുശേഖരണം), വയലുകൾ (കൃഷിയോഗ്യമായത്, അല്ലാത്തത്, ഇപ്പോൾ കൃഷിയുള്ളത്, അല്ലാത്തത്), വിവിധ കാർഷിക ഉപകരണങ്ങൾ (മുൻകാലത്ത് ഉപയോഗിച്ചിരുന്ന പണിയായുധങ്ങളും ഉപയോഗരീതിയും, ഇപ്പോഴുള്ള ഉപകരണങ്ങളും പ്രവർത്തനരീതിയും), സാംസ്ക്കാരിക മുന്നേറ്റം (വായനശാലകളുടെ പങ്ക്, തനതു കലാരൂപങ്ങൾ, നാടോടി കലകൾ, നാടൻ കളികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങളും ഉത്സവങ്ങളും –പഴയത്, ഇപ്പോഴുള്ളത്) കുന്നുകൾ, മലകൾ (നിലവിലുള്ളതും നഷ്ടപ്പെട്ടവയും), തടാകങ്ങൾ (സംരക്ഷിക്കപ്പെടേണ്ടവ, നഷ്ടപ്പെട്ടതിനുള്ള കാരണങ്ങൾ, സംരക്ഷിക്കപ്പെടേണ്ടതിന്റെ കാരണങ്ങൾ), സ്ഥാപനങ്ങൾ (സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖല, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ), പഴയകാല ഭരണസമ്പ്രദായം (പണ്ടുണ്ടായിരുന്ന നാട്ടുസഭ, നാട്ടുകൂട്ടം തുടങ്ങിയ രീതികളെ കുറിച്ചുള്ള വിവരശേഖരണം), പരിസ്ഥിതി (ആ പ്രദേശത്തെ പ്രധാന ജലാശയങ്ങൾ, വിളകൾ, കുന്ന്, തോട്, പുഴ, ജീവജാലങ്ങൾ, വളർത്തുമൃഗങ്ങൾ, പക്ഷികൾ, വിവിധ ജീവികളുടെ ആവാസ വ്യവസ്ഥ, നാട്ടുഭക്ഷണ രീതികൾ, ക്രമീകരണം, തണ്ണീർത്തടങ്ങൾ, കൃഷിയിടങ്ങൾ) യാത്രാ സംവിധാനങ്ങൾ (പഴയകാലത്ത് യാത്രക്കായി ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങൾ, പുതുമയിലേക്ക് വന്ന രീതി, ഇപ്പോഴുള്ള യാത്രാരീതികൾ, നാട്ടുവഴികൾ, ജലമാർഗ്ഗ യാത്രാ സൗകര്യങ്ങൾ, കച്ചവടരീതി), ചികിത്സാരീതി (നാട്ടുവൈദ്യം, തൊടിയിലെ വൈദ്യം പോലുള്ള പഴയ ചികിത്സാരീതികൾ, വിശ്വാസത്തിൽ അധിഷ്ഠിതമായിരുന്ന ചികിത്സാരീതികൾ), ആരോഗ്യ ശീലങ്ങൾ (എണ്ണതേച്ചുകുളി, പറമ്പിലും പാടത്തുമുള്ള അധ്വാനം, തവിടു കളയാത്ത അരിയുടെ ഉപയോഗം, വിവിധ ഫലവർഗ്ഗങ്ങളുടെ ഉപയോഗ ഗുണം, ഔഷധഗുണമുള്ള ഇലവർഗ്ഗങ്ങളുടെ ഉപയോഗം, വാഴപിണ്ടിയുടെ ഗുണം), ഞാറ്റുവേലകൾ (മണ്ണറിഞ്ഞ്, വിത്തറിഞ്ഞ് ചെയ്തുപോന്ന പ്രവർത്തികൾ, ഞാറ്റുവേല കാലങ്ങളിലെ ആരോഗ്യശീലങ്ങൾ –കർക്കിടക കഞ്ഞി, ഇലക്കറി, ഉലുവ ഉണ്ട), അവകാശങ്ങൾക്ക് വേണ്ടിയുള്ള വിവിധ സമര ചരിത്രങ്ങൾ (കാർഷിക മുന്നേറ്റം, വഴിനടക്കാനുള്ള അവകാശം,

മാറുമറയ്ക്കാനുള്ള അവകാശം, യാത്ര ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, അയിത്തത്തിന് എതിരേയുള്ള സമരങ്ങൾ, പ്രാർത്ഥിക്കാനുള്ള അവകാശ സമരങ്ങൾ, സ്വാതന്ത്ര്യത്തിനും അവകാശത്തിനുമായുള്ള ഇതര പോരാട്ടങ്ങൾ), സമ്പാദ്യശീലങ്ങൾ (പിടിയരി സമ്പ്രദായം , ഒരിനം കൊടുത്ത് മറ്റൊരു വിഭവം വാങ്ങൽ) എന്നീ മേഖലകളിലാകും ചരിത്ര പഠനം നടത്തുക.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ